പൊന്നാനി, മഠത്തിൽ തോടിന് കുറുകെ റി.സി.ബി.പണിയുന്നതിന് നടപടി

149 (6854) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിൽപ്പെട്ട മാടഞ്ചേരി ഗ്രാമപഞ്ചായത്തിലെ പുളിക്കക്കടവ് ഭാഗത്തുള്ള മഠത്തിൽ തോടിന് കുറുകെയുള്ള പി.സി.ബി. തകർന്നതുമൂലം ആയിരക്കണക്കിന് കുടുംബങ്ങളിലെ കിണറുകളിലും നൂറുകണക്കിന് ഹെക്ടർ കൃഷിഭൂമിയിലും ഉപ്പുവെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് പരിഹാരമായി മഠത്തിൽ തോടിന് കുറുകെ പി.സി.ബി. പണിയുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ ;

(സി) കാലവർഷം തീരുന്നതിന് മുൻപ് പ്രസ്തുത പദ്ധതി തുടങ്ങാനാകുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് വകുപ്പുതലത്തിൽ തയ്യാറാക്കി വരികയാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടത്താവുന്നതാണ്.

കൊയിലാണ്ടി മണ്ഡലത്തിലെ കടലാക്രമണ നിരോധനപദ്ധതികൾ

150 (6855) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇത്തവണത്തെ കാലവർഷത്തിൽ ഉണ്ടായ കടലാക്രമണത്തെത്തുടർന്ന് കൊയിലാണ്ടി മണ്ഡലത്തിൽ എവിടെയെല്ലാമാണ് കടൽഭിത്തി തകരുകയും കടൽകയറി നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും തകർന്ന കടൽഭിത്തി പുനരുദ്ധരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ആവശ്യം ഉന്നയിച്ച് സ്ഥലം എം.എൽ.എ.-യിൽ നിന്ന് ലഭിച്ച നിവേദനത്തിന്മേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ഡി) കടൽക്ഷോഭം കൂടുതൽ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കടൽഭിത്തിയും കടലാക്രമണ നിരോധന പദ്ധതികളും നടപ്പാക്കാനാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. എത്രതവണ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടായിരുന്നുവെന്നും ബജറ്റ് പ്രൊപ്പോസലിൽ ഇത് ആവശ്യപ്പെട്ടിരുന്നുവോ എന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എം.എൽ.എ.-യുടെ നിവേദനങ്ങൾക്ക് എന്ത് പരിഗണന നൽകി എന്നും എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകി എന്നും എന്തുതുക അനുവദിച്ചു എന്നും വിശദമാക്കുമോ ;

(എഫ്) കാബിനറ്റ് തീരുമാനത്തെത്തുടർന്ന് ചീഫ് സെക്രട്ടറി ആവശ്യപ്പെട്ട പ്രകാരം കോഴിക്കോട് കലക്ട്രേറ്റിൽനിന്ന് വന്നിട്ടുള്ള അടിയന്തര പ്രവൃത്തികൾക്കുള്ള ശിപാർശകൾ ഏതെല്ലാം ; കൊയിലാണ്ടി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾ അംഗീകരിച്ച് ഭരണാനുമതി നൽകി ; വിശദമാക്കുമോ ;

(ജി) കടലാക്രമണത്തെ തുടർന്ന് അടിയന്തര നടപടികൾ എന്ന നിലയിൽ സംസ്ഥാനത്താകെ അനുവദിച്ചതും അംഗീകരിച്ചതുമായ പദ്ധതികളുടെ വിശദാംശം നിയോജകമണ്ഡലം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിലെ പയ്യോളി പഞ്ചായത്തിലെ കൊളാവിപ്പാലം കോട്ടക്കടപ്പുറം ഭാഗത്ത് 2 കി.മീ. ദൈർഘ്യമുള്ള തീരപ്രദേശം ഈ വർഷത്തെ രൂക്ഷമായ കടലാക്രമണത്തിന് വിധേയമായിട്ടുണ്ട്. കൂടാതെ കണ്ണൻകടവ്, വലിയകത്ത് പള്ളിഭാഗം, ഇരിങ്ങൽ, അയനിക്കാട് എന്നിവിടങ്ങളിലും രൂക്ഷമായ കടലാക്രമണം ഉണ്ടായിട്ടുണ്ട്.

(ബി&സി) സർവ്വം എം.എൽ.എ.-യിൽനിന്നുലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ

1. വലിയപള്ളി ഭാഗത്ത് അടിയന്തര പ്രവൃത്തിയിൽപ്പെടുത്തി ഭാഗികമായ പുനരുദ്ധാരണത്തിനായി 9 പെരുപ്രവൃത്തികൾക്കായി 27 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. ഇരിങ്ങൽ കടപ്പുറത്ത് സി.പി.ഡി. 2030-നും 2031-നും ഇടയിൽ രണ്ട് ഭാഗികമായ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 3 ലക്ഷം രൂപ വീതം 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) മൂന്ന് തവണ നിവേദനം ലഭിച്ചിട്ടുണ്ട്. 2014-15 വർഷത്തെ ബജറ്റിൽ മൊത്തം 7-ൽ 100 രൂപ ടോക്കൺ പ്രൊവിഷനോടുകൂടി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും തകർന്ന കടൽഭിത്തി പുനരുദ്ധാരണത്തിനുമുള്ള പ്രവൃത്തികളുടെ പട്ടിക അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

(ഇ) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 6 പ്രവൃത്തികൾക്കായി 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പട്ടിക അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അടിയന്തര പ്രവൃത്തികൾക്കായി കവക്ട്രേറ്റിൽ നിന്നുള്ള ശിപാർശ പ്രകാരം സമർപ്പിച്ച പട്ടിക അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു.* പട്ടികയിൽ ക്രമനമ്പർ 13 മുതൽ 23 വരെയുള്ള പ്രവൃത്തി കൊയിലാണ്ടി മണ്ഡലത്തിലുള്ളതാണ്.

(ജി) കടലാക്രമണത്തെ തുടർന്ന് അടിയന്തര നടപടികൾ എന്ന നിലയിൽ റവന്യൂ വകുപ്പിന്റെ ഉത്തരവ് പ്രകാരം സംസ്ഥാനത്താകെ അനുവദിച്ച തുകയുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു :

ജില്ല	തുക
തിരുവനന്തപുരം	2 കോടി
കൊല്ലം	2 "
ആലപ്പുഴ	5 "
എറണാകുളം	1 "
തൃശ്ശൂർ	1 "
മലപ്പുറം	3 "
കോഴിക്കോട്	1 "
കണ്ണൂർ	1 "
കാസർഗോഡ്	1 "

കൊയിലാണ്ടി മണ്ഡലത്തിലെ ജലവിതരണം

151 (6856) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവവകുപ്പിന് കീഴിൽ നിർമ്മിച്ചതും പരിപാലിക്കപ്പെടുന്നതുമായ എത്ര ജലവിതരണ സംവിധാനങ്ങളും എത്ര കിണറുകളും കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ ; അവ എവിടെയെല്ലാമാണ് എന്ന് വിശദമാക്കുമോ ;

(ബി) അവയിൽ ഉപയോഗശൂന്യമായി കിടക്കുന്ന കിണറുകൾ/ജലവിതരണ സംവിധാനങ്ങൾ ഏതെല്ലാം ; അവ പുനരുദ്ധരിച്ച് ഉപയോഗപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; വിശദമായി വ്യക്തമാക്കുമോ ;

(സി) അവ പുനരുദ്ധരിക്കാൻ എന്തുതുക ചെലവ് വരുമെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly